**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1379** **11-09-2023 - ൽ മറുപടിയ്ക്ക്**

**അഴിമതി കേസിൽ സസ്പെൻഡ് ചെയ്യപ്പെട്ടവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് എത്ര ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പിൽ 198 ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. |
| (ബി) | ഏതൊക്കെ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരെയാണ് സസ്പെൻഡ് ചെയ്തത്; ഇതിൽ അഴിമതി കേസിൽ സസ്പെൻഡ് ചെയ്യപ്പെട്ടവർ എത്രപേർ ഉണ്ട്; വ്യക്തമാക്കാമോ; | (ബി) | അനധികൃത സ്വത്ത് സമ്പാദനം, വിവിധ വിഷയങ്ങളിന്മേലുള്ള പോലീസ് കേസുകളിൽ ഉൾപ്പെട്ട റിമാൻഡ് ചെയ്യപ്പെടുന്ന അവസരം, പൊതുമരാമത്ത് വകുപ്പ് വിശ്രമകേന്ദ്രങ്ങളുടെ പരിപാലനത്തിലും നടത്തിപ്പിലുമുള്ള വീഴ്ചകൾ, വിവിധ റോഡു നിർമ്മാണത്തിലുള്ള അഴിമതി, സാമ്പത്തിക ക്രമക്കേട്, ധനകാര്യ പരിശോധന വിഭാഗം പരിശോധന നടത്തി കണ്ടെത്തിയ ക്രമക്കേടുകൾ, വനിതാ ജീവനക്കാർ ഉൾപ്പെടെയുള്ള സഹജീവനക്കാരോട് അപമര്യാദയോടുള്ള പെരുമാറ്റം എന്നിങ്ങനെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചിട്ടുള്ള ജീവനക്കാരെയാണ് സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളത്.<br><br>വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ശിപാർശ അനുസരിച്ച് 8 പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. |
| (സി) | മേൽപ്പറഞ്ഞവരിൽ എത്ര പേരെ സർവീസിൽ തിരിച്ചെടുത്തിട്ടുണ്ട്; എത്രപേർ നിലവിൽ സസ്പെൻഷനിൽ തുടരുന്നുണ്ട്;വ്യക്തമാക്കാമോ; | (സി) | വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ശിപാർശ അനുസരിച്ച് സസ്പെൻഡ് ചെയ്ത 8 ഉദ്യോഗസ്ഥരിൽ 6 പേരെ സർവ്വീസിൽ തിരിച്ചെടുക്കുകയും 2 പേർ സസ്പെൻഷനിൽ തുടരുകയും ചെയ്യുന്നു. |
| (ഡി) | അഴിമതി കേസിൽ ഉൾപ്പെട്ട് സസ്പെൻഷൻ ആയവരെ സർവീസിൽ തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ സസ്പെൻഡ് ചെയ്ത തീയതി, സസ്പെൻഷൻ കാലയളവ്, തിരിച്ചെടുത്ത തീയതി എന്നിവ സഹിതം വ്യക്തമാക്കാമോ? | (ഡി) | വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ശിപാർശ അനുസരിച്ച് സസ്പെൻഡ് ചെയ്യപ്പെട്ട 8 ഉദ്യോഗസ്ഥരിൽ 6 പേരെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | പേരും തസ്തികയും | സസ്പെൻഡ് ചെയ്ത തീയതി | തിരിച്ചെടുത്ത തീയതി | കാലയളവ് |
|---|---|---|---|---|
| 1. | ലിസ്സി ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ | Order No.Vig.6/9462/2016 dated 07.06.2016 of CE (Admin) | Order No.Vig.6/9469/2016 dated 30/01/2017 of CE(Design & Admin) | 07.06.2016 to 29.01.2017 |
| 2. | ചന്ദ്രാംഗദൻ നായർ, അസിസ്റ്റന്റ് എഞ്ചിനീയർ | GO(Rt)124/2017/PWD dated 03/02/2017 | GO(Rt) 1490/2019/PWD Dated 19/08/2017 | 03/02/2017 to 19/08/2017 |
| 3. | സെൽവിൻ എ.പി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | GO(Rt) 1860/2017/PWD dated 13/12/2017 | GO(Rt)1160/2018/PWD dated 25/07/2018 | 13/12/2017 to 25/07/2018 |
| 4. | വി.വി.കുമുദാഭായ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ | GO(Rt) 1142/18/PWD dated 21/07/2018 | GO(Rt)129/19/PWD dated 25/01/2019 | 21/07/2018 to 25/01/2019 |
| 5. | സ്നേഷ.പി.പി., അസിസ്റ്റന്റ് എഞ്ചിനീയർ | GO(Rt) 1142/18/PWD dated 21/07/2018 | GO(Rt)129/19/PWD dated 25/01/2019 | 21/07/2018 to 25/01/2019 |
| 6. | സുജാത.കെ., ഓവർസിയർ | GO(Rt) 1142/18/PWD dated 21/07/2018 | GO(Rt)129/19/PWD dated 25/01/2019 | 21/07/2018 to 25/01/2019 |
| 7. | അഞ്ജു.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | GO(Rt)668/2023/PWD dated 25/05/2023 | നിലവിൽ സസ്പെൻഷനിൽ തുടരുന്നു. | |
| 8. | ബിനു.ബി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | GO(Rt)668/2023/PWD dated 25/05/2023 | നിലവിൽ സസ്പെൻഷനിൽ തുടരുന്നു. | |